## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3718 19.03.2018 ൽ മറുപടിക്ക്

### ദേശീയ പാത നാലുവരിയാക്കുന്നതിലുണ്ടായ പുരോഗതി

| ചോദ്യം<br>ശ്രീ. സി.കൃഷ്ണൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന ശേഷം ദേശീയ പാത നാലുവരി ആക്കുന്ന പ്രവർത്തനത്തിൽ വന്ന പുരോഗതി വിശദമാക്കാമോ | (എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം ദേശീയപാത 17 ഉം 47 ഉം സർവ്വീസ് റോഡുകളോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്നതിനായി ബഹു: മുഖ്യമന്ത്രി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിലെ (എൻ.എച്ച്.എ.ഐ) ഉദ്യോഗസ്ഥരുമായി നിരവധി തവണ കൂടിക്കാഴ്ചകൾ നടത്തി. അങ്ങനെ മുടങ്ങിക്കിടന്നിരുന്ന ദേശീയ പാത 17 ന്റെയും 47 ന്റെയും 4 വരിപ്പാത വികസന നടപടികൾ ത്വരിത പ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് ഈ ദേശീയപാതകളുടെ അലൈൻമെന്റിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തി സർവ്വീസ് റോഡുകളോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്നതിനായി 45 മീറ്ററിൽ തന്നെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്തു. അതനുസരിച്ച് പുതിയ ഡി.പി.ആർ |

തയ്യാറാക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടുകയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യമായ പരിഷ്കാരങ്ങൾ ഡി.പി.ആർ -ൽ ഏറ്റെടുക്കുകയും ചെയ്തു വരുന്നു.

| | | |
|---|---|---|
| (ബി) കണ്ണൂർ - കാസർഗോഡ് ജില്ലകളിൽ ഇതിന്റെ ഭാഗമായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കണമെന്നറിയിക്കാമോ; അതിൽ ഇതുവരെ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ; | (ബി) | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് പ്രകാരം കാസർഗോഡ്-കണ്ണൂർ ജില്ലയിലെ ദേശീയപാത പഴയ എൻ.എച്ച്.17 കി.മീ. 17/200 (തലപ്പാടി) മുതൽ കി.മീ. 88/00 (അഴിയൂർ) വരെ ആകെ 734.605 ഹെക്ടർ സ്ഥലം ആവശ്യമാണ്. അതിൽ 364.819 ഹെക്ടർ സ്ഥലം കൈവശമുണ്ട്. ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമുള്ള നോട്ടിഫിക്കേഷൻ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥലമെടുപ്പിന്റെ 3(D) നോട്ടിഫിക്കേഷൻ മാർച്ച് അവസാനത്തോടെ പൂർത്തീകരിക്കാനാകുമെന്ന് എൻ.എച്ച്.എ.ഐ അറിയിച്ചിട്ടുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**